# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 18 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.

videos: http://www.clipmail.kerala.gov.in

email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ലൈഫ് മിഷൻ: ഏറ്റവും കൂടുതൽ വീടുകൾ പൂർത്തീകരിച്ചത് തൃശൂർ ജില്ലാ പഞ്ചായത്ത്

സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏറ്റവും കൂടുതൽ വീടുകൾ പൂർത്തീകരിച്ച് തൃശൂർ ജില്ലാ പഞ്ചായത്ത് നേട്ടം കൈവരിച്ചു. ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ തൃശൂർ ജില്ലയിൽ മുൻ വർഷങ്ങളിൽ വിവിധ സർക്കാർ ഭവന പദ്ധതികളിൽ 3073 ഭവനങ്ങളാണ് പൂർത്തീകരിക്കാൻ അവശേഷിച്ചിരുന്നത്. അതിൽ 2953 ഭവനങ്ങൾ പൂർത്തീകരിച്ച് 96 ശതമാനം നേട്ടം കൈവരിച്ചു. പട്ടികജാതി വകുപ്പ് 305 ഭവനങ്ങളും പട്ടികവർഗ്ഗ വകുപ്പ് 118 ഭവനങ്ങളും പൂർത്തികരിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് ഈ ഘട്ടത്തിൽ 190 പട്ടികജാതി ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കാനുണ്ടായിരുന്നതിൽ 179 ഭവനങ്ങൾ പൂർത്തിയാക്കി.

തൃശൂർ കോർപ്പറേഷൻ 315 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിൽ 314 പേരുടേയും ഭവനനിർമ്മാണം പൂർത്തിയാക്കി.

ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റികളും കൂടി ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ 340 വീടുകൾ പൂർത്തീകരിച്ചപ്പോൾ തൃശൂർ കോർപ്പറേഷൻ മാത്രം 315 വീടുകൾ പൂർത്തികരിച്ചു. സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏറ്റവും കൂടുതൽ ഭവനങ്ങൾ പൂർത്തികരിച്ചത് തൃശൂർ ജില്ലാ പഞ്ചായത്താണ്. തൃശൂർ ജില്ലാ പഞ്ചായത്തിൽ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവനങ്ങളായിരുന്നു കൂടുതലും.

തൃശൂർ ജില്ലയിലെ 16 ബ്ലോക്ക് പഞ്ചായത്തുകളിൽ ചേർപ്പ്, ചൊവ്വന്നൂർ, പുഴയ്ക്കൽ ഒല്ലൂക്കര മതിലകം എന്നി ബ്ലോക്ക് പഞ്ചായത്തുകൾ നൂറ് ശതമാനം നേട്ടം കൈവരിച്ചു. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് പാർപ്പിടം നൽകലാണ്. ഇതിൽ കരാർ വെച്ച 4790 ഗുണഭോക്താക്കളിൽ 3649 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 17 കോടി രൂപയോളം അനുവദിച്ചിട്ടുണ്ട്.

രണ്ട് ഘട്ടങ്ങളിലായി ജില്ലയിൽ 17251 ഭവനങ്ങളിൽ 14620 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി.

## ലൈഫ് മിഷൻ അദാലത്ത്: ഗുണം ലഭിച്ചത് പ്രവാസികൾക്ക്

മതിലകം ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കായുള്ള അദാലത്തിൽ ഏറ്റവും കൂടുതൽ ഗുണം ലഭിച്ചത് പ്രവാസികളായ തദ്ദേശീയർക്ക്. റേഷൻ കാർഡിൽ പേര് ചേർക്കാൻ ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന നിരവധി പ്രവാസികളാണ് അദാലത്തിൽ

പങ്കെടുക്കാൻ സിവിൽ സപ്ലൈസിന്റെ സ്റ്റാളിൽ എത്തിയത്. അദാലത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും റേഷൻ കാർഡിൽ പേര് ചേർക്കാൻ സാധിച്ചു. ലൈഫ് മിഷനിൽ ഉൾപ്പെടുത്തി അദാലത്തിനെത്തിയ 35 പേരിൽ 19 പേർക്കും പ്രശ്നപരിഹാരം കണ്ടെത്തി തീർപ്പാക്കാനായിട്ടുണ്ട്. പേര് ചേർക്കാത്തവർ, പുതുതായി ചേർക്കേണ്ടവർ, തെറ്റ് തിരുത്തൽ, റേഷൻകാർഡിൽ സ്ഥലം മാറ്റൽ, വീട്ടുപേര് മാറ്റൽ എന്നീ പ്രവർത്തികളാണ് ഇതിലൂടെ പൂർത്തിയാക്കാനായത്. അദാലത്തിൽ പങ്കെടുത്ത് പൂർണമായും തിരുത്തലുകൾ സാധ്യമാകാത്തവർക്ക് സപ്ലൈ ഓഫീസിൽ ഇതിനായി പിന്നീട് സൗകര്യമൊരുക്കും.

## വിയ്യൂർ സെൻട്രൽ ജയിൽ പെട്രോൾ പമ്പ് ജില്ലയിലെ തന്നെ ഏറ്റവും വലിയ പമ്പാകും: മന്ത്രി വി എസ് സുനിൽകുമാർ

വിയ്യൂർ സെൻട്രൽ ജയിൽ പമ്പ് ജില്ലയിലെത്തന്നെ ഏറ്റവും വലിയ പമ്പാകുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ. വിയ്യൂർ സെൻട്രൽ ജയിലിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നിർമ്മിക്കാൻ പോകുന്ന പെട്രോൾ പമ്പിന്റ ശിലാസ്ഥാപനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ജയിലിൽ ഒരു പെട്രോൾ പമ്പ് എന്നത് ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമാണ്. പമ്പിനോട് ചേർന്ന് കഫെറ്റേരിയ, വിശ്രമ സ്ഥലം, ടോയ്‌ലറ്റുകൾ, സ്റ്റേഷനറി കടകൾ എന്നിവയും ഒരുക്കും. സമയബന്ധിതമായി 3 മാസക്കാലം കൊണ്ട് തന്നെ പണി പൂർത്തീകരിച്ച് ഉദ്ഘാടനവും നടത്തുമെന്നും മന്ത്രി പറഞ്ഞു. വിയ്യൂർ സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോമിനോട് അനുബന്ധിച്ച് തൃശൂർ-ഷൊർണൂർ സംസ്ഥാന പാതക്ക് വലതുവശത്തായി 0.1255 ഹെക്ടർ ഭൂമിയിലാണ് പെട്രോൾ പമ്പ് യാഥാർഥ്യമാകുന്നത്. ഐഒസി പമ്പ് നിർമ്മിക്കുകയും അവിടെ വിൽപന നടത്തുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡീലർഷിപ്പ് ജയിൽ വകുപ്പിന് നൽകുകയും ചെയ്യും. ജയിൽ ശിക്ഷയിൽ കഴിയുന്ന നല്ല സ്വഭാവം പ്രകടിപ്പിക്കുന്ന തടവുകാരെ ഇവിടെ ജോലിക്കായി നിയോഗിക്കും. ചടങ്ങിൽ കോർപ്പറേഷൻ മേയർ അജിത വിജയൻ അധ്യക്ഷത വഹിച്ചു. ജയിൽ ഡി ജി പി ഋഷിരാജ് സിംഗ്, ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ് കുമാർ, കൗൺസിലർ വി കെ സുരേഷ് കുമാർ, മധ്യ മേഖല ഡി ഐ ജി സാം തങ്കയ്യൻ, ഐ ഒ സി കേരള ചീഫ് ജനറൽ മാനേജർ വി സി അശോകൻ, റീറ്റെയ്ൽ സെയിൽസ് ജനറൽ മാനേജർ നവീൻ ചരൺ, നബാർഡ് എ ജി എം ദീപ എസ് പിള്ള, വിയ്യൂർ അതീവ സുരക്ഷ ജയിൽ സൂപ്രണ്ട് എ ജി സുരേഷ്, സെൻട്രൽ ജയിൽ സൂപ്രണ്ട് എൻ എസ് നിർമ്മലാനന്ദൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

## ജയിൽ വികസന പ്രവർത്തനങ്ങളിൽ കേരളം ഒന്നാമത്: ഡി ജി പി ഋഷിരാജ് സിംഗ്

ജയിൽ വികസന പ്രവർത്തനങ്ങളിൽ ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് ഡി ജി പി ഋഷിരാജ് സിംഗ്. ടി എൻ പ്രതാപൻ എം പി വിയ്യൂർ അതീവ സുരക്ഷ ജയിലിന് സമർപ്പിച്ച ലൈബ്രറി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തടവറയിൽ എത്തുന്നവർക്ക് ശിക്ഷ ലഭിച്ചവർ എന്നോ വിചാരണ തടവുകാർ എന്നോ വ്യത്യാസമില്ലാതെ തൊഴിൽ സാധ്യതാ പരിശീലനങ്ങൾ ഇവിടെ നൽകുന്നു. 35 കോടി രൂപയുടെ ജയിൽ ഉൽപ്പന്നങ്ങൾ വിറ്റ ഒരേ ഒരു സംസ്ഥാനവും, 60 ദിവസത്തിനുള്ളിൽ പരോൾ ലഭ്യമാക്കുന്ന സംസ്ഥാനവും കേരളമാണ്. വിവിധ ജില്ലകളിലെ 8 എം എൽ എമാർ വിവിധ ജയിലുകൾക്ക് ആംബുലൻസുകൾ വാങ്ങി നൽകുകയും ചെയ്തതായി അദ്ദേഹം അറിയിച്ചു.

എംപി നൽകിയ പുസ്തകങ്ങൾ സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം സുനിൽ ലാലൂർ ഡി ജി പിക്ക് കൈമാറി. പങ്കെടുക്കുന്ന ചടങ്ങുകളിൽ നിന്ന് പൂക്കൾക്ക് പകരം പുസ്തകങ്ങൾ എന്ന ആശയത്തിലൂടെ നേടിയ 2000ത്തോളം പുസ്തകങ്ങളാണ് എം പി ജയിലിന് നൽകിയത്. ഇതോടൊപ്പം ഷെൽഫുകളും റീഡിങ് ടേബിളുകളും സമ്മാനിച്ചു. കൗൺസിലർ വി കെ സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ, എഴുത്തുകാരായ കെ വേണു, ബാലചന്ദ്രൻ വടക്കേടത്ത് എന്നിവർ ആശംസകൾ അർപ്പിക്കാനെത്തി. തൃശൂർ മധ്യ മേഖല ഡി ഐ ജി സാം തങ്കയ്യൻ, സെൻട്രൽ ജയിൽ സൂപ്രണ്ട് എൻ എസ് നിർമ്മലാനന്ദൻ നായർ, റീജിയണൽ വെൽഫെയർ ഓഫീസർ ലക്ഷ്മി കെ, അതീവ സുരക്ഷ ജയിൽ സൂപ്രണ്ട് എ ജി സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

# അങ്കണവാടി ജീവനക്കാർ നടത്തുന്ന സർവ്വേയോട് സഹകരിക്കണം

അമ്മമാരിലും കുട്ടികളിലും ഉണ്ടാകുന്ന പോഷണക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായുള്ള കുടുംബ സർവ്വേയോട് എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ ഭരണ കൂടം അഭ്യർത്ഥിച്ചു. സർവ്വേയുമായി ബന്ധപ്പെട്ട് ചില കേന്ദ്രങ്ങളിൽ ആശങ്കകളും തെറ്റിദ്ധാരണ കളും പ്രകടിപ്പിച്ചതിനെ തുടർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം കളക്ടറേറ്റിൽ ചേർന്നു. എഡിഎം റെജി പി ജോസഫ് അദ്ധ്യക്ഷനായി.

അങ്കണവാടി ജീവനക്കാർ വീടുകളിലെത്തി പ്രത്യേക സ്മാർട്ട്ഫോൺ ആപ്ലിക്കേഷൻ വഴിയാണ് വിവരശേഖരണം നടത്തുന്നത്. കുട്ടികളിലെ വളർച്ച മുരടിപ്പ്, പോഷകാഹാരക്കുറവ് തുടങ്ങിയവ മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

അങ്കണവാടി വർക്കർമാർ നടത്തുന്ന കുടുംബ സർവ്വേയിൽ കൃത്യമായ വിവരങ്ങൾ നൽകണം. പൗരത്വ രജിസ്റ്റർ തയ്യാറാക്കുന്നതുമായി ഈ സർവേയ്ക്ക് യാതൊരു ബന്ധവുമില്ലെന്നും ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവുമില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. ജില്ലാ വനിതാശിശുവികസന ഓഫീസർ സുരക്ഷണ എസ്, സീനിയർ സൂപ്രണ്ട് ഷറഫുദ്ദീൻ എ എ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ബേട്ടി ബച്ചാവോ ബേട്ടി പഠാവോ ദേശീയ ബാലസേവികാ ദിനാചരണം : സംസ്ഥാന തല ഉദ്ഘാടനം 24 ന് തൃശൂരിൽ

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ ദേശീയ ബാലസേവികാ ദിനാചരണത്തോടനുബന്ധിച്ച് 20 മുതൽ 26 വരെ ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ജനുവരി 24 ന് ദേശീയ ബാലസേവികാ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തല ബാലസേവികാ ദിനാചരണം തൃശൂരിൽ സംഘടിപ്പിക്കും. 20 ന് ജില്ലാ - ബ്ലോക്ക് തലത്തിൽ ടാസ്ക് ഫോഴ്സ് യോഗം ചേരും. 21 ന് ജില്ലയിലെ വിവിധയിടങ്ങളിൽ പ്രഭാതഭേരി, റാലി എന്നിവയും അങ്കണവാടി, ആശാവർക്കർമാരുടെ ഗൃഹസന്ദർശന പരിപാടികളും സംഘടിപ്പിക്കും. 22 ന് വിവിധ സ്ഥലങ്ങളിൽ ചിത്രരചന മത്സരങ്ങൾ, 23 ന് പ്രാദേശിക തലത്തിൽ കമ്മ്യൂണിറ്റി മീറ്റിങ് എന്നിവ നടത്തും.

24 ന് ദേശീയ ബാലസേവികാ ദിനാചരണത്തോടനുബന്ധിച്ച് രാവിലെ 9 ന് വടക്കേ സ്റ്റാൻഡിൽ നിന്ന് ആരംഭിക്കുന്ന കുട്ടികളുടെ റാലി പാലസ് റോഡ് വഴി ടൗൺഹാളിൽ സമാപിക്കും. തുടർന്ന് സംസ്ഥാന തല ഉദ്ഘാടനം നടക്കും. മന്ത്രിമാർ, എംപി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. തെരഞ്ഞെടുക്കപ്പെട്ട പെൺ സൗഹൃദ സ്കൂൾ, പെൺ സൗഹൃദ പഞ്ചായത്ത് എന്നിവയ്ക്ക് പുരസ്കാരവും ഇതോടൊപ്പം നൽകും. 11 മുതൽ ശൈശവ വിവാഹവും കുറ്റകൃത്യങ്ങളും എന്ന വിഷയത്തിൽ ക്ലാസ് ഉണ്ടാകും. ഉച്ചയ്ക്ക് രണ്ടുമുതൽ വിവിധ സ്കൂളുകളിലെ കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറും. വൈകീട്ട് 5 ന് തേക്കിൻകാട് മൈതാനത്തെ തെക്കേ ഗോപുരനടയിൽ വിദ്യാർത്ഥിനികളുടെ ഫ്ളാഷ് മോബ് നടക്കും.

25 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ ഐ സി ഡി എസിന്റെ നേതൃത്വത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ സംബന്ധിച്ച പ്രത്യേക ഗ്രാമസഭ ചേരും. പരിപാടികളുടെ ഭാഗമായി വിവിധ ദിവസങ്ങളിൽ റോഡ് ഷോകൾ, എക്സിബിഷൻ, കുടുംബശ്രീയുടെ നേതൃത്വത്തിൽ തെരുവുനാടകങ്ങൾ എന്നിവയും അരങ്ങേറും. ജനുവരി 20 മുതൽ ജില്ലയിലെ 16 സ്കൂളുകളിൽ കൗമാര വിദ്യാഭ്യാസം, സൈബർ ലോ, പാരന്റിങ് എന്നീ വിഷയങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ബോധവത്ക്കരണ ക്ലാസും സംഘടിപ്പിക്കും. അവലോകന യോഗത്തിൽ എ ഡി എം റെജി പി ജോസഫ്, ഐ സി ഡി എസ് ജില്ലാ ഓഫീസർ ചിത്രലേഖ എന്നിവർ സംബന്ധിച്ചു.

# ഗതാഗതനിയന്ത്രണം

ദേശീയപാതയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ചേറ്റുവ പാലത്തിൽ കൂടിയുള്ള ഗതാഗതത്തിന് ജനുവരി 20 ഉച്ചയ്ക്ക് രണ്ട് മണി മുതൽ ജനുവരി 22 രാത്രി എഴ് മണിവരെ വാഹനഗതാഗതത്തിന് ഭാഗികമായി നിയന്ത്രണമുണ്ടായിരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# പഠന ലഹരിക്ക് ഒപ്പം കായിക ലഹരി: വ്യത്യസ്തമായി ഒരു വോളിബോൾ ടൂർണമെന്റ്

പഠന ലഹരിക്ക് ഒപ്പം കായിക ലഹരി. വ്യത്യസ്തമാർന്ന സന്ദേശമുയർത്തി ഒരു വോളിബോൾ ടൂർണമെന്റ് സംഘടിപ്പിക്കുകയാണ് കയ്പമംഗലം പഞ്ചായത്തും കൊടുങ്ങല്ലൂർ എക്സൈസ് റേഞ്ച് ഓഫീസും. ഇതിന്റെ സ്കൂൾ തല ടൂർണമെന്റിന് കയ്പമംഗലം ഹിറാ ഇംഗ്ലീഷ് സ്കൂളിൽ തുടക്കമിട്ടു. വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമിടയിലെ ലഹരിയുടെ ഉപയോഗം വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു പദ്ധതിക്ക് അധികൃതർ രൂപം നൽകുന്നത്. ലഹരിക്കെതിരെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുക എന്നതാണ് ലക്ഷ്യം. പഞ്ചായത്ത് പ്രസിഡന്റ് ടി വി സുരേഷ് ബാബു ഉദ്ഘാടനം ചെയ്ത പരിപാടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ സി ആർ പത്മകുമാർ ലഹരിവിരുദ്ധ സന്ദേശം നൽകി. സമാപന സമ്മേളനത്തിൽ ടൂർണമെന്റിൽ വിജയികളായവർക്ക് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ സമ്മാനം വിതരണം ചെയ്തു. എക്സൈസ് ഇൻസ്പെക്ടർ പി എം പ്രവീൺ, വാർഡ് മെമ്പർ സുരേഷ് കൊച്ചുവീട്ടിൽ, സ്കൂൾ ചെയർമാൻ പി എ അബ്ദുൽ ഗഫൂർ, പ്രിൻസിപ്പൽ പ്രീത ഗോപൻ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കയ്പമംഗലം പഞ്ചായത്തും കൊടുങ്ങല്ലൂർ എക്സൈസ് റേഞ്ച് ഓഫീസും വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച വോളിബോൾ ടൂർണമെന്റ്***

# ഇറ്റ്ഫോക്ക് 2020: പന്ത്രണ്ടാമത് രാജ്യാന്തര നാടകോത്സവം 20 ന് തുടങ്ങും

പന്ത്രണ്ടാമത് രാജ്യാന്തര നാടകോത്സവം 20 ന് വൈകിട്ട് അഞ്ചിന് കേരള സംഗീത നാടക അക്കാദമി അങ്കണത്തിൽ സാംസ്ക്കാരിക മന്ത്രി എ. കെ ബാലൻ ഉദ്ഘാടനം ചെയ്യും. അക്കാദമി ചെയർപേഴ്സൺ കെ.പി.എ.സി ലളിത അധ്യക്ഷത വഹിക്കും. ഫെസ്റ്റിവൽ ഡയറക്റ്റർ അമിതേഷ് ഗ്രോവർ ആമുഖ പ്രഭാഷണം നടത്തും. കൃഷി മന്ത്രി വി.എസ് സുനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തും. വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് ഫെസ്റ്റിവൽ പുസ്തകത്തിന്റെയും തദ്ദേശഭരണ മന്ത്രി എ. സി മൊയ്തീൻ ഫെസ്റ്റിവൽ ബുള്ളറ്റിന്റെയും പ്രകാശനം നിർവ്വഹിക്കും. നാടകോത്സവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ അമ്മന്നൂർ പുരസ്ക്കാരം മുതിർന്ന നാടക നിരൂപക ശാന്ത ഗോഖലേക്ക് മന്ത്രി എ കെ ബാലൻ സമ്മാനിക്കും. മൂന്ന് ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

ഉദ്ഘാടന സമ്മേളനത്തിന് നാന്ദികുറിച്ചുകൊണ്ട് വൈകിട്ട് നാലിന് അക്കാദമി മുറ്റത്ത് കലാമണ്ഡലം ഉണ്ണികൃഷ്ണനും സംഘവും അവതരിപ്പിക്കുന്ന സപ്ത മദ്ദള കച്ചേരി അരങ്ങേറും.

ബ്രസീലിലെ കംപാനിയ മുൻഗുസ തിയേറ്റർ അവതരിപ്പിക്കുന്ന 'സിൽവർ എപിഡെമിക്' ആണ് ഉദ്ഘാടന നാടകം. ആക്റ്റർ മുരളി ഓപ്പൺ എയർ തിയറ്ററിൽ വൈകിട്ട് ഏഴിനാണ് അവതരണം.

'ഇമാജിനിങ് കമ്മ്യൂണിറ്റീസ്' എന്നതാണ് ഇത്തവണത്തെ ഇറ്റ്ഫോക്കിന്റെ പ്രമേയം. ജനുവരി 20 മുതൽ 29 വരെ പത്തുദിവസങ്ങളിലായി നടക്കുന്ന ഇറ്റ്ഫോക്-2020 ൽ പത്തൊൻപത് നാടകങ്ങൾ അരങ്ങേറും. അന്താരാഷ്ട്ര വിഭാഗത്തിൽ ഓസ്ട്രേലിയ, യു.കെ, ഇറാൻ, ബ്രസീൽ, നോർവേ, പോളണ്ട് എന്നീ രാജ്യങ്ങളിൽ നിന്നായി ഏഴു നാടകങ്ങളാണുള്ളത്. ദേശീയ വിഭാഗത്തിൽ ബംഗളൂരു, ഹൈദ്രാബാദ്, ഭോപ്പാൽ, ഗോവ, ജയ്പ്പൂർ, പൂനെ എന്നിവിടങ്ങളിൽ നിന്നായി ആറു നാടകങ്ങളുണ്ട്. ആറു മലയാള നാടകങ്ങളും മേളയുടെ ഭാഗമാണ്.

നാടകങ്ങൾ കാണുന്നതിനുള്ള ടിക്കറ്റുകൾ ഓൺലൈനായി theatrefestivalkerala.com എന്ന ഇറ്റ്ഫോക് ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഇതുകൂടാതെ ഓരോ നാടകം ആരംഭിക്കുന്നതിനും അര മണിക്കൂർ മുൻപ് ബോക്സ് ഓഫീസിലൂടെയും ടിക്കറ്റുകൾ ലഭിക്കും.

സെമിനാറുകൾ, പെർഫോമൻസ് പോയട്രി, നാടകവുമായി ബന്ധപ്പെട്ട സിനിമകളുടെ പ്രദർശനം എന്നിവയും ഉണ്ടാകും.

വാർത്താ സമ്മേളനത്തിൽ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി എൻ രാധാകൃഷ്ണൻ നായർ, വൈസ് ചെയർമാൻ സേവ്യർ പുല്പാട്ട്, ഫെസ്റ്റിവൽ കോർഡിനേറ്റർ ജലീൽ ടി കുന്നത്ത് എന്നിവർ പങ്കെടുത്തു.

## വിയ്യൂർ സെൻട്രൽ ജയിലിൽ ഇനി ജൈവ പച്ചക്കറികളും വിളയും

വിയ്യൂർ സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോമിനോട് അനുബന്ധിച്ചുള്ള 3.5 ഏക്കർ ഭൂമിയിൽ ജൈവ പച്ചക്കറി തോട്ടം വരുന്നു. പൂർണമായും ജൈവ രീതിയിൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി തോട്ടത്തിന്റെ ഉദ്ഘാടനം തൈ നട്ട് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവഹിച്ചു. മേയർ അജിത വിജയൻ അധ്യക്ഷത വഹിച്ചു. ജയിലിൽ തടവുകാർക്ക് പ്രധാനമായും നൽകുന്ന തൊഴിൽ കൃഷിയാണ്. ജയിലിനുള്ളിലും പുറത്തുമുള്ള ഭൂമിയിൽ വിവിധ കൃഷികൾ ചെയ്തു വരുന്നു.

കാട്ടുപന്നികൾ, മുള്ളൻ പന്നി, മയിലുകൾ എന്നിവ വൻ തോതിൽ കൃഷി നാശം വരുത്തുന്നതിനാൽ മൂന്നര ഏക്കറോളം സ്ഥലം പ്രത്യേകം വേലി കെട്ടിയാണ് ജൈവ കൃഷിക്ക് സജ്ജമാക്കിയത്. തടവുകാരുടെ സേവനം ഉപയോഗിച്ച് വെട്ടുകൽ വെട്ടിയെടുത്ത് മതിൽ കെട്ടി. കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നബാർഡ് നൽകി. ഇവരുടെ സഹായത്തോടെ കാർഷിക ജല സേചന പദ്ധതി നടപ്പിലാക്കി. സാങ്കേതിക സഹായം ലഭ്യമാക്കാൻ മണ്ണുത്തി കാർഷിക സർവകലാശാലയുടെ കാർഷിക റിസർച്ച് സ്റ്റേഷൻ വന്നതോടെ പദ്ധതിക്ക് വേഗത കൂടി. അതോടെ വിവിധ തരം പച്ചക്കറികൾ ഫല വർഗ്ഗങ്ങൾ, എന്നിവയുടെ ഗുണമേന്മയുള്ള തൈകൾ ശാസ്ത്രീയമായി ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്താൻ പോളി ഹൌസ് നടപ്പിലാക്കി. ഈ പദ്ധതിയുടെ തുടർച്ചയായാണ് പുതിയ ജൈവ പച്ചക്കറി തോട്ടം. ഈ തോട്ടത്തിലേക്ക് ആവശ്യമായ തൈകൾ പോളി ഹൗസിൽ നിന്ന് ഉൽപ്പാദിപ്പിക്കും. ഇതിനാവശ്യമായ പരിശീലനം തടവുകാർക്ക് നൽകിയിട്ടുണ്ട്. നബാർഡ് എ ഡി എം ദീപ എസ് പിള്ള, മണ്ണുത്തി കാർഷിക സർവകലാശാല റിസർച്ച് സ്റ്റേഷൻ പ്രൊഫസർ ഡോ എ ലത എന്നിവരാണ് ജൈവ പച്ചക്കറി തോട്ടത്തിന് നേതൃത്വം നൽകുക. ഉദ്ഘാടന ചടങ്ങിൽ ഡി ജി പി ഋഷിരാജ് സിംഗ്, കൗൺസിലർ വി കെ സുരേഷ് കുമാർ, ഡെപ്യൂട്ടി കളക്ടർ എം ബി ഗിരീഷ് കുമാർ, മധ്യ മേഖല ഡി ഐ ജി സാം തങ്കയ്യൻ, സെൻട്രൽ ജയിൽ സൂപ്രണ്ട് എൻ എസ് നിർമ്മലാനന്ദൻ നായർ, അതീവ സുരക്ഷ ജയിൽ സൂപ്രണ്ട് എ ജി സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

## യുവജന വാർഷികാഘോഷം സമാപന സമ്മേളനം ഇന്ന് (ജനു. 19)

തൃശ്ശൂർ നെഹ്രു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ജില്ലാതല ദേശീയ യുവജന വാർഷികാഘോഷ സമ്മേളനം ഇന്ന് (ജനുവരി 19) രാവിലെ 10 ന് അയ്യന്തോൾ കോസ്റ്റ് ഫോർഡ് ഹാളിൽ രമ്യ ഹരിദാസ് എം.പി. ഉദ്ഘാടനം ചെയ്യും. തുടർന്ന് ജില്ലയിലെ മികച്ച ക്ലബ്ബായി തിരഞ്ഞെടുക്കപ്പെട്ട മതിലകം ബ്ലോക്കിലെ കൊടൂർ കലാ-കായിക വേദിയ്ക്കുള്ള അവാർഡ് സമർപ്പണം ജില്ലാ കളക്ടർ എസ്.ഷാനവാസ് നിർവ്വഹിക്കും. 'ഇന്റർനെറ്റിനോടുള്ള അമിത ആസക്തിയും പുത്തൻ വെല്ലുവിളികളും' എന്ന വിഷയത്തിൽ നടത്തുന്ന സെമിനാറിൽ റിലേഷൻഷിപ്പ് ഫൗണ്ടേഷൻ ഡയറക്ടർ എസ്.സതീഷ് വിഷയാവതരണം നടത്തും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദയപ്രകാശ് അധ്യക്ഷത വഹിക്കും.

# അളവ് തൂക്ക നിയമലംഘനം
# 15 കേസുകൾ രജിസ്റ്റർ ചെയ്തു

അളവ് തൂക്ക നിയമലംഘനത്തിനെതിരെ ജില്ലയിൽ 15 കേസുകൾ രജിസ്റ്റർ ചെയ്തു. ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും എണ്ണത്തിലും സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് തൃശ്ശൂർ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ജനുവരി 17 ന് രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് ആറ് മണി വരെ രണ്ട് പരിശോധന സ്ക്വാഡുകൾ നടത്തിയ മിന്നൽ പരിശോധനയിൽ 15 കേസുകളാണ് രജിസ്റ്റർ ചെയ്തത്. തൃശ്ശൂർ ശക്തൻമാർക്കറ്റ്, വഴിയോര കച്ചവടക്കാർ, മത്സ്യ മാർക്കറ്റുകൾ, ഇറച്ചി വ്യാപാരം തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ചാണ് പരിശോധന നടന്നത്.

# ജിഎസ്ടിയിലൂടെ ഇന്ത്യയിൽ സാമ്പത്തിക അച്ചടക്കമുണ്ടായി : കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ

കേന്ദ്ര സർക്കാർ ജി എസ് ടി നടപ്പാക്കിയതിലൂടെ ഇന്ത്യയിൽ സാമ്പത്തിക അച്ചടക്കം നടപ്പായെന്ന് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രി ഡി വി സദാനന്ദ ഗൗഡ തൃശൂരിൽ പറഞ്ഞു. കറുത്ത പണം ഇന്ത്യയിലെത്തുന്ന ധാരാളം സ്രോതസ്സുകളും കേന്ദ്ര സർക്കാരിന് തടയാനായതും ഇതിന്റെ തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി.

രാജ്യത്തെ ജനങ്ങളെ ഒരുമിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനാൽ തന്നെ സുപ്രീം കോടതി വിധിക്കുന്ന നിയമങ്ങൾ നടപ്പാക്കുന്ന ഒരു ഏജൻസി കൂടിയാണ് കേന്ദ്ര സർക്കാർ. രാജ്യത്തുണ്ടായ സമീപ കാലത്തെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാരിനെ വിമർശിക്കുന്ന ഒരു പ്രവണത കൂടുതലായി കണ്ടുവരുന്നുണ്ട്. എന്നാൽ അത് തികച്ചും വസ്തുതാവിരുദ്ധമാണ്. പൗരത്വഭേദഗതി നടപ്പിലാക്കിയത് പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടിയാണ്. സംസ്ഥാനങ്ങൾ അത് അംഗീകരിക്കണമെന്നും കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ പറഞ്ഞു.

# കുറ്റിയംകാവ് പൂരാഘോഷം : വെടിക്കെട്ടിന് അനുമതിയില്ല

കുറ്റിയംകാവ് പുരാഘോഷവുമായി ബന്ധപ്പെട്ട് ഫെബ്രുവരി 11 ന് നടത്താനിരുന്ന തിരുത്തിപ്പറമ്പ് ദേശത്തിന്റെയും ഫെബ്രുവരി 13 ന് നടത്താനിരുന്ന മിണാലൂർ വിഭാഗത്തിന്റെയും വെടിക്കെട്ടിന് അനുമതിയില്ല. ചട്ടങ്ങൾ പാലിച്ചില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അനുമതി നിഷേധിച്ചത്. അപേക്ഷകനും വെടിക്കെട്ട് നടത്തിപ്പുകാരനും പെസോയുടെ എൽ.ഇ-3 ലൈസൻസും വെടിക്കെട്ട് സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസും ഇല്ലാത്തതിനാലും അപേക്ഷകർക്ക് വെടിക്കോപ്പ് സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിരം മാഗസിൻ ഇല്ലാത്തതിനാലുമാണ് വെടിക്കെട്ട് പൊതുദർശനത്തിനുള്ള അനുമതി നിഷേധിച്ചത്.